ജലധാര പദ്ധതി

54 (1965) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് നടപ്പാക്കിവരുന്ന ജലധാരപദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതി അനുസരിച്ചു ഏതൊക്കെ നിയോജക മണ്ഡലങ്ങളിൽ പുതിയ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട് ;

(സി) ഇതിനുവേണ്ടി നിയോജകമണ്ഡലം അടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ പദ്ധതിക്കുവേണ്ടി ഇതുവരെ എന്തുതുക ചെലവാക്കിയിട്ടുണ്ട് ;

(ഇ) ജലധാരപദ്ധതിയുടെ ഗുണഭോക്താക്കളിൽ നിന്നും സെസ് പിരിക്കാൻ ഉദ്ദേശമുണ്ടോ ;

(എഫ്) ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര പണികൾ ഏറ്റെടുത്തിട്ടുണ്ട് ; ഇതിൽ ഏതൊക്കെ പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട് ;

(ജി) പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(എച്ച്) പ്രസ്തുത പദ്ധതി അനുസരിച്ച് എന്തൊക്കെ പ്രവർത്തനങ്ങളാണ് നാളിതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഏറ്റെടുത്തിട്ടുള്ള 731 ജലധാരാപദ്ധതികളിൽ 516 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് ഇപ്പോഴും പണികൾ ഏറ്റെടുക്കാവുന്നതാണ്.

(ബി) പുതിയ പണികൾക്കൊന്നും ഇപ്പോൾ രൂപം കൊടുത്തിട്ടില്ല.

(സി) നിലവിലുള്ള നിയമപ്രകാരം സ്ഥലം എം. എൽ. എ. ചെയർമാനും, മൈനർ ഇറിഗേഷൻ എക്സി. എഞ്ചിനീയർ കൺവീനറുമായി ജലധാര പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിച്ചു പ്രവർത്തിക്കാവുന്നതാണ്. ജലധാരാപദ്ധതിയിലുൾപ്പെടുത്തി പണികൾ ഏറ്റെടുത്തിട്ടുള്ളപ്പോഴെല്ലാം ഇത്തരം കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തിച്ചിട്ടുണ്ട്.

(ഡി) ഇതുവരെ ഈ പദ്ധതിക്കുവേണ്ടി 18,95,11,758 രൂപ ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(എഫ്) 731 പണികൾ ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 516 പണികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ജി) ഉണ്ട്.

(എച്ച്) കുളങ്ങളുടെ പുനരുദ്ധാരണവും, ക്രോസ്ബാറുകളുടെ നിർമ്മാണവും, ബണ്ടുകളുടെ ബലപ്പെടുത്തലും, ഫാം റോഡുകളുടെ നിർമാണവും ഉൾപ്പെടെയുള്ള എം. ഐ. ക്ലാസ്സ്-2 വിഭാഗത്തിൽപ്പെടുന്ന പണികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും ശുദ്ധജലമെത്തിക്കാൻ പദ്ധതി

55 (1966) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. ബാബു :
ശ്രീ. എം. മുരളി :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര കുടുംബങ്ങളിൽ ഇപ്പോൾ ശുദ്ധജല മെത്തിക്കാൻ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും ശുദ്ധജലമെത്തിക്കുന്നതിന് എന്തു മുതൽമുടക്ക് വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ഡി) ഗ്രാമീണ ശുദ്ധജല വിതരണത്തിനുള്ള കേന്ദ്ര സഹായം നൽകുന്നതിന് മാനദണ്ഡമാക്കിയിട്ടുള്ള വസ്തുതകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഗാർഹിക കണക്ഷനുകൾ മുഖേന സംസ്ഥാനത്തെ 7,22,550 കുടുംബങ്ങളിൽ ഇപ്പോൾ ശുദ്ധജലം എത്തിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും ശുദ്ധജലമെത്തിക്കുന്നതിന് വേണ്ടിവരുന്ന മുതൽ മുടക്ക് കണക്കാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും പരിമിതമായ തോതിലെങ്കിലും (ഗ്രാമീണ ജനതയ്ക്ക് ആളൊന്നിന് പ്രതിദിനം 40 ലിറ്റർ എന്ന കണക്കിലും നഗരവാസികൾക്ക് പ്രതിദിനം 70 ലിറ്റർ എന്ന കണക്കിലും) ശുദ്ധജലമെത്തിക്കുന്നതിന് ഉദ്ദേശം 1423 കോടി രൂപ വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly